# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| മാർച്ച് 27<br>March 27 | 2019 |
|---|---|

*1193 മീനം 13 ബുധൻ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

**ലോക്സഭാ തെരഞ്ഞെടുപ്പ് 2019**

**ടാക്സി കാറുകളിൽ വോട്ടർ ബോധവത്ക്കരണത്തിന് തുടക്കമായി**

ടാക്സി കാറുകളിൽ വോട്ടർ ബോധവത്ക്കരണ സ്റ്റിക്കറുകൾ പതിപ്പിക്കുന്നതിന് കേരളാ ടാക്സി ഡ്രൈവേഴ്സ് ഓർഗനൈസേഷനും സ്വീപ്പും സംയുക്തമായി സംഘടിപ്പിച്ച വോട്ടിംഗ് ബോധവത്ക്കരണ പരിപാടി പത്തനംതിട്ടയിൽ ജില്ലാ കളക്ടർ പി.ബി നൂഹ് ഉത്ഘാടനം ചെയ്തു. ജനങ്ങൾക്ക് വോട്ടിംഗിന്റെ പ്രാധാന്യം മനസിലാക്കുന്നതിന്റെ ഭാഗമായാണ് വാഹനങ്ങളിൽ വോട്ടിംഗ് ബോധവത്ക്കരണ സ്റ്റിക്കർ പതിക്കുന്നത്. ആദ്യ സ്റ്റിക്കർ കളക്ടർ വാഹനത്തിൽ ഒട്ടിച്ചു. ഡ്രൈവേഴ്സ് യൂണിയന്റെ എല്ലാ വാഹനങ്ങളിലും ഇലക്ഷൻ ബോധവത്ക്കരണ സ്റ്റിക്കറുകൾ പതിപ്പിക്കും.വോട്ടിംഗിന്റെ പ്രാധാന്യം ജനങ്ങളെ അറിയിക്കുക, ഒരു വോട്ടും പാഴാകാതിരിക്കുവാൻ ശ്രദ്ധിക്കുക, ഹരിത ചട്ടം പാലിച്ചുള്ള ഇലക്ഷനായതിനാൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക, പരമാവധി വോട്ടിംഗ് ശതമാനം കൂട്ടുക തുടങ്ങിയ ലക്ഷ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത് .

സ്വീപ്പ് ജില്ലാ കോ-ഓർഡിനേറ്റർ കെ കെ വിമൽരാജ്, കേരളാ ടാക്സി ഡ്രൈവേഴ്സ് ഓർഗനൈസേഷൻ പ്രസിഡന്റ് പി.ജി പാപ്പച്ചൻ, സെക്രട്ടറി ജി.ധനപാൽ, സ്റ്റേറ്റ് കൗൺസിലർമാരായ ഫൈസൽ കലഞ്ഞൂർ, മധു ചെമ്പുകുഴി, ബോബി എബ്രഹാം, ഡ്രൈവേഴ്സ് യൂണിയൻ മെമ്പർമാർ തുടങ്ങിയവർ പങ്കെടുത്തു.

(ഇലക്ഷൻ: 70/19)

## മാധ്യമങ്ങളിലെ തെരഞ്ഞെടുപ്പ് പരസ്യങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങണം: ജില്ലാ കളക്ടർ

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നൽകുന്നതിനു മുമ്പ് ജില്ലാതല മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിട്ടറിംഗ് കമ്മിറ്റിക്ക് (എം.സി.എം.സി)സമർപ്പിച്ച് അംഗീകാരം നേടണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ, കേബിൾ നെറ്റ് വർക്കുകൾ, സ്വകാര്യ എഫ്.എം ചാനലുകൾ ഉൾപ്പെടെയുള്ള റേഡിയോകൾ, സിനിമാ ശാലകൾ, പൊതുസ്ഥലങ്ങളിലെയും സാമൂഹ മാധ്യമങ്ങളിലെയും ഓഡിയോ വിഷ്വൽ ഡിസ്പ്ലേകൾ, ബൾക്ക് എസ്.എം.എസുകൾ, വോയ്സ് മെസേജുകൾ ഇ-പേപ്പറുകൾ എന്നിവയ്ക്ക് ഇത് ബാധകമാണ്.

പാർട്ടികളുടെ പ്രതിനിധികളും സ്ഥാനാർഥികളും ടെലികാസ്റ്റ് ചെയ്യുന്നതിന് മൂന്നു ദിവസം മുൻപെങ്കിലും പരസ്യം കളക്ടറേറ്റിലെ എം.സി.എം.സി സെല്ലിൽ സമർപ്പിക്കണം. പരസ്യം നൽകുന്നത് മറ്റ് സംഘടനകളാണെങ്കിൽ ടെലികാസ്റ്റിന് ഏഴു ദിവസം മുൻപ് സമർപ്പിക്കണം.

പരസ്യത്തിന്റെ ഇലക്ട്രോണിക് പതിപ്പിന്റെ രണ്ട് പകർപ്പുകളും സാക്ഷ്യപ്പെടുത്തിയ ട്രാൻസ്ക്രിപ്റ്റും അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം. പരസ്യത്തിന്റെ നിർമാണചെലവ്, ടെലികാസ്റ്റ് ചെയ്യുന്നതിനുള്ള ചെലവ് തുടങ്ങിയവ വ്യക്തമാക്കുന്ന നിശ്ചിത ഫോറത്തിലാണ് അപേക്ഷ നൽകേണ്ടത്. പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള പണം ചെക്കായോ, ഡിമാൻഡ് ഡ്രാഫ്റ്റായോ മാത്രമേ നൽകുവെന്നു വ്യക്തമാക്കുന്ന പ്രസ്താവനയും ഇതോടൊപ്പം ഉണ്ടാകണം.

ഇലക്ട്രോണിക് മാധ്യമങ്ങളിലെ രാഷ്ട്രീയ പരസ്യങ്ങൾ അംഗീകാരം ലഭിച്ചവയാണോയെന്ന് എം.സി.എം.സി സെൽ പരിശോധിക്കും. മറ്റു മാധ്യമങ്ങളിലെ പരസ്യങ്ങളും തെരഞ്ഞെടുപ്പ് ചെലവുമായി ബന്ധപ്പെട്ട നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തും. ടി.വി ചാനലുകളിലെയും കേബിൾ ചാനലുകളിലെയും പരസ്യങ്ങൾക്കുള്ള നിയമങ്ങൾ ബൾക്ക് എസ്.എം.എസുകൾക്കും വോയിസ് മെസേജുകൾക്കും ബാധകമായിരിക്കും.

അച്ചടി മാധ്യമങ്ങളിൽ സ്ഥാനാർഥിയുടെ അറിവോടെയും അനുമതിയോടെയും വരുന്ന പരസ്യങ്ങളുടെ ചെലവ് സ്ഥാനാർഥിയുടെ തെരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തും. സ്ഥാനാർഥിയുടെ അറിവില്ലാതെയാണ് പരസ്യം പ്രസിദ്ധീകരിച്ചതെങ്കിൽ പ്രസാധകനെതിരെ നിയമ നടപടിക്ക് ശിപാർശ ചെയ്യും. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിക്കുന്ന ലഘുലേഖകളിലും പോസ്റ്ററുകളിലും മറ്റ് രേഖകളിലും പ്രസാധകന്റെ പേരും വിലാസവും ആകെ കോപ്പികളുടെ എണ്ണവും ഉണ്ടായിരിക്കണം.

അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന പരസ്യങ്ങൾ വിലയിരുത്തി കമ്മിറ്റി 24 മണിക്കൂറിനകം തീരുമാനമറിയിക്കും. നിബന്ധനകൾ പാലിക്കപ്പെടുന്നില്ലെന്ന് കണ്ടാൽ പരസ്യത്തിന് പ്രദർശനാനുമതി നിഷേധിക്കാൻ കമ്മിറ്റിക്ക് അധികാരമുണ്ട്. ജില്ലാതല എം.സി.എം.സി കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ അപേക്ഷകർക്ക് സംസ്ഥാന കമ്മിറ്റിക്ക് അപ്പീൽ നൽകാവുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചു. (ഇലക്ഷൻ: 71/19)

## പത്തനംതിട്ട നഗരത്തെ ഇളക്കിമറിച്ച് ഹരിത തെരഞ്ഞെടുപ്പ് സന്ദേശറാലിയും കൂട്ടയോട്ടവും

നമ്മുടെ ഭാവി നമ്മുടെ വിരൽത്തുമ്പിൽ എന്ന സന്ദേശമുയർത്തി പത്തനംതിട്ടയിൽ സംഘടിപ്പിച്ച ഹരിത തെരഞ്ഞെടുപ്പ് സന്ദേശ റാലിയും കൂട്ടയോട്ടവും നഗരത്തിന് നവ്യാനുഭവ

മായി. വോട്ടർ ബോധവത്ക്കരണ പദ്ധതിയായ സ്വീപിനോടനുബന്ധിച്ച് സംഘടിപ്പിച്ച സന്ദേശ പ്രചാരണ റാലിയും കൂട്ടയോട്ടവും ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി.നൂഹ് ഫ്ളാഗ് ഓഫ് ചെയ്തു. ഒരു വോട്ടു പോലും പാഴാക്കാതെ എല്ലാവരും വോട്ട് ചെയ്യണമെന്ന സന്ദേശമാണ് ഇതിലൂടെ നൽകുന്നതെന്നും, പ്രകൃതിക്ക് ദോഷം ചെയുന്ന വസ്തുക്കളുടെ ഉപയോഗം പരമാവധി കുറച്ച് ഹരിത തെരഞ്ഞെടുപ്പ് നടത്തുക എന്ന അവബോധം എല്ലാവരിലേക്കും എത്തിക്കുക എന്നതുമാണ് ലക്ഷ്യമെന്ന് കളക്ടർ പറഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പിൽ മുഴുവൻ വോട്ടർമാരും സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനും വോട്ടർമാർക്ക് സമ്മതിദാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി നൽകുന്നതിനും വേണ്ടിയാണ് സ്വീപിന്റെ ഭാഗമായി പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചത്. ജില്ലാ പോലീസ് മേധാവി ജി. ജയദേവ് ജനാധിപത്യസംരക്ഷണ പ്രതിജ്ഞ ചെല്ലികൊടുത്തു.

കളക്ടറേറ്റിൽ നിന്നും ആരംഭിച്ച സന്ദേശ പ്രചാരണറാലി സെൻട്രൽ ജംഗ്ഷൻ വഴി പുതിയ പ്രൈവറ്റ് ബസ് സ്റ്റാൻഡിലെത്തി അബാൻ ജംഗ്ഷൻ വഴി വീണ്ടും സെൻട്രൽ ജംഗ്ഷനിലെത്തി പോസ്റ്റാഫീസ് ജംഗ്ഷൻ വഴി മുനിസിപ്പൽ സ്റ്റേഡിയത്തിൽ സമാപിച്ചു. ജില്ലാ പോലീസ് സേനയുടെ ഭാഗമായുള്ള ബുള്ളറ്റ് റൈഡേഴ്സ്, റോളർ സ്കെയിറ്റിംഗ് താരങ്ങൾ എന്നിവരുടെ പ്രകടനം റാലിക്ക് കൊഴുപ്പേകി.

ജില്ലയിലെ വിവിധ കോളജുകളിലെയും സ്കൂളുകളിലെയും എൻസിസി കേഡറ്റുകൾ, നാഷണൽ സർവീസ് സ്കീം അംഗങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ, ഇലക്ടറൽ ലിറ്ററസി ക്ലബ് അംഗങ്ങൾ, നഴ്സിംഗ് വിദ്യാർഥികൾ, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കായികതാരങ്ങൾ, യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വിവിധ ക്ലബ് അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ , അംഗൻവാടി പ്രവർത്തകർ എന്നിങ്ങനെ 800ഓളം പേർ റാലിയിൽ പങ്കാളികളായി.

ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എസ്.സന്തോഷ്കുമാർ, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ ജിജി ജോർജ്, അഡീഷണൽ ജില്ലാ ഇൻഫോർമാറ്റിക്സ് ഓഫീസർ ആലീസ് ആൻഡ്രൂസ് കോട്ടിരി, എ ഡി സി ജനറലും സ്വീപ്പ് നോഡൽ ഓഫീസറുമായ കെ കെ വിമൽരാജ്, ഡിവൈഎസ്പി കെ.സജീവ്, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ കെ.രശ്മിമോൾ, കുടുംബശ്രീ എ ഡി എം സി മണികണ്ഠൻ തുടങ്ങിയവർ പങ്കെടുത്തു.

(ഇലക്ഷൻ: 72/19)

## സൈനികരുടെ ചിത്രങ്ങൾ പ്രചാരണത്തിന് ഉപയോഗിക്കാൻ പാടില്ല

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ സൈനികരുടെ ചിത്രങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. സൈനികരുടെ ചിത്രങ്ങളോ അവർ പങ്കെടുത്ത ചടങ്ങുകളുടെ ചിത്രങ്ങളോ സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്നത് വിലക്കിയിട്ടുള്ളതായി മാർച്ച് ഒൻപതിലെ കത്തിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷൻ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൈന്യത്തിന്റെയും സൈനികരുടെയും ചിത്രങ്ങൾ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഉപയോഗിക്കുന്നതിൽനിന്നും സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളും പിൻവാങ്ങണമെന്ന് ആവശ്യപ്പെട്ട് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ഭാരവാഹികൾക്ക് കത്തയച്ചിട്ടുള്ളതായും കമ്മിഷൻ പ്രിൻസിപ്പൽ സെക്രട്ടറി നരേന്ദ്ര ബുട്ടോലിയ അറിയിച്ചു. (ഇലക്ഷൻ: 73/19)

## കാറിൽ കൊണ്ടുവന്ന കണക്കില്ലാത്ത പണം പിടികൂടി

കാറിൽ കൊണ്ടുവന്ന രേഖകളില്ലാത്ത പണം തെരഞ്ഞെടുപ്പ് ഫ്ളയിംഗ് സ്ക്വാഡ് പിടികൂടി. കെ.എൽ.- 31 ജെ7576 കാറിൽ കൊണ്ടുവന്ന 1,48,815 രൂപയാണ് തിരുമൂലപുരത്തുവച്ച് തിരുവല്ല മുനിസിപ്പൽ സെക്രട്ടറി എസ്. ബിജുവിന്റെ നേതൃത്വത്തിലുള്ള ഒന്നാം നമ്പർ ഫ്ള

യിംഗ് സ്ക്വാഡ് മാർച്ച് 26ന് വൈകിട്ട് പിടികൂടിയത്. 5, 10, 20, 50, 100, 200, 500, 2000 രൂപയുടെ നോട്ടുകളായിരുന്നു ഇതിലുണ്ടായിരുന്നത്. തുടർ നടപടികളുടെ ഭാഗമായി ഈ തുക സബ്ട്രഷറിയിലേക്ക് കൈമാറി. (ഇലക്ഷൻ: 74/19)

## നാമനിർദേശ പത്രിക സമർപ്പിക്കാൻ ഇന്ന് (28)മുതൽ എട്ട് ദിവസം; ഇടയിൽ ഒരു ദിവസം അവധി

### സ്ഥാനാർത്ഥികൾ അറിഞ്ഞിരിക്കേണ്ടത്

ലോക്സഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്ക് ഇന്നു മുതൽ നാമനിർദേശപത്രിക സമർപ്പിക്കാം. ഏപ്രിൽ നാല് വരെയുള്ള എട്ട് ദിവസമാണ് പത്രിക സമർപ്പണത്തിനായി നീക്കിവച്ചിട്ടുള്ളത്. പൊതുഅവധിദിവസമായ ഞായറാഴ്ച പത്രിക സ്വീകരിക്കുന്നതല്ല. ഒരാൾക്ക് നാല് സെറ്റ് വരെ പത്രികകൾ സമർപ്പിക്കാം.

കളക്ടറേറ്റിലും കോന്നി എ.ആർ.ഒയുടെ ഓഫീസിലുമാണ് പത്രികകൾ സ്വീകരിക്കുന്നത്. രാവിലെ 11 മുതൽ വൈകിട്ട് മൂന്നുവരെയാണ് പത്രിക സമർപ്പിക്കാനുള്ള സമയം. ഏപ്രിൽ അഞ്ചിനാണ് സൂക്ഷ്മപരിശോധന. ഏപ്രിൽ എട്ടുവരെ പത്രിക പിൻവലിക്കാൻ സമയമുണ്ട്. തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് (28) രാവിലെ 11ന് മുമ്പായി ഫോം 1 ൽ റിട്ടേണിംഗ് ഓഫീസറുടേയും എല്ലാ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാരുടേയും ഓഫീസുകളിൽ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിക്കും.

സ്ഥാനാർത്ഥികൾ ഫോം 2എ യിലാണ് നാമനിർദേശപത്രിക സമർപ്പിക്കേണ്ടത്. ഇതിനൊപ്പം ഫോം 26ന്റെ പുതുക്കിയ മാതൃകയിൽ സത്യവാങ്മൂലവും നൽകണം. ദേശീയ/സംസ്ഥാന പാർട്ടികളുടെ സ്ഥാനാർഥിയാണെങ്കിൽ, അവരെ പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിലെ ഒരു വോട്ടർ നാമനിർദേശം ചെയ്യണം. അല്ലാത്തപക്ഷം 10 വോട്ടർമാർ സ്ഥാനാർഥിയുടെ പേര് നിർദ്ദേശിക്കേണ്ടതുണ്ട്.

ഓരോ സ്ഥാനാർത്ഥിയും അവരുടെ പേരിലുള്ള ക്രിമിനൽ കേസ്, ആസ്ഥി, ബാധ്യത എന്നിവ സംബന്ധിച്ചുള്ള പ്രഖ്യാപനമാണ് ഫോം 26 ൽ നടത്തുന്നത്. ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ്/നോട്ടറി/കമ്മിഷണർ ഓഫ് ഓത് മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്യേണ്ടത്. ഓരോ സ്ഥാനാർഥിയും അവരുടെ തീർപ്പാകാത്ത കേസുകളും ശിക്ഷിക്കപ്പെട്ട കേസുകളും സംബന്ധിച്ച വിവരങ്ങൾ മണ്ഡലത്തിൽ പ്രചാരത്തിലുള്ള പത്രത്തിൽ ഫോർമാറ്റ് സി1 ൽ പ്രസിദ്ധീകരിക്കണം.

നാമനിർദേശ പ്രതിക പിൻവലിക്കുന്നതിനുള്ള അവസാന ദിവസത്തിന് തെട്ടടുത്ത ദിവസം മുതൽ തെരഞ്ഞെടുപ്പിന് രണ്ട് ദിവസം മുമ്പുവരെയുള്ള കാലയളവിൽ മൂന്ന് വ്യത്യസ്ഥ ദിവസങ്ങളിലായി വേണം പരസ്യം നൽകാൻ. ഇതിന്റെ അക്ഷരത്തിന്റെ വലുപ്പം 12 പോയിന്റിൽ കുറയാൻ പാടില്ല. വായനക്കാർ ശ്രദ്ധിക്കുന്ന സ്ഥലത്താവണം പരസ്യം പ്രസിദ്ധപ്പെടുത്തേണ്ടത്. ഇതേവിവരം ഇതേസമയത്തുതന്നെ ടെലിവിഷനിലും പ്രസിദ്ധീകരിക്കണം.

ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാനാർഥികൾ ആ വിവരം തങ്ങളുടെ രാഷ്ട്രീയ പാർട്ടികളെ അറിയിച്ചിട്ടുണ്ടെന്ന് ഫോം 26 ലെ 6എ യിൽ രേഖപ്പെടുത്തണം. ഫോം 26ലെ എല്ലാ കോളങ്ങളും സ്ഥാനാർഥി പൂരിപ്പിക്കണം. തങ്ങളുടെ സ്ഥാനാർഥികൾ ക്രിമിനൽ കേസിൽ ഉൾപ്പെട്ടവരാണെങ്കിൽ, അക്കാര്യം സി2 ഫോർമാറ്റിൽ പത്രത്തിലും ടെലിവിഷനിലും രാഷ്ട്രീയ പാർട്ടികളും പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

സൂക്ഷ്മപരിശോധനയ്ക്ക് മുമ്പായി ഓത് ഓഫ് അഫർമേഷൻ എല്ലാ സ്ഥാനാർഥികളും സമർപ്പിക്കണം. റിട്ടേണിംഗ് ഓഫീസർമാരുടെ കൈപുസ്തകത്തിലെ അനക്സർ 14 ൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം സ്ഥാനാർഥി ഫോം ഓഫ് ഓത് തയാറാക്കേണ്ടതും അധികാരപ്പെട്ട വ്യക്തിയുടെ മുമ്പാകെ സത്യവാചകം ചൊല്ലേണ്ടതുമാണ്. ഫോം എ, ഫോം ബി പ്രകാരം രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർഥികളെ നാമനിർദേശം ചെയ്യണം. എസ്.സി/എ

സ്.ടി. വിഭാഗത്തിൽപ്പെട്ട സ്ഥാനാർഥികൾ നാമനിർദേശ പത്രികയ്ക്കൊപ്പം ജാതി സർട്ടിഫിക്കറ്റും നൽകണം. സെക്യൂരിറ്റി ഡിപ്പോസിറ്റായി ഇവർ 12,500 രൂപയും ജനറൽ വിഭാഗത്തിലുള്ളവർ 25,000 രൂപയും അടയ്ക്കണം.

നാമനിർദേശ പ്രതികയ്ക്ക് ഒപ്പം സ്ഥാനാർഥിയുടെ മൂന്ന് സ്റ്റാമ്പ് സൈസ് ഫോട്ടോ ഹാജരാക്കണം. ഈ ഫോട്ടോയുടെ പുറകിൽ സ്ഥാനാർഥിയും ഏജന്റും ഒപ്പിടണം. സ്ഥാനാർഥികൾ നിലവിലുള്ള ബാങ്ക് അക്കൗണ്ട് ഉപയോഗിക്കാൻ പാടില്ല. തെരഞ്ഞെടുപ്പ്കാര്യങ്ങൾക്കായി പുതിയ അക്കൗണ്ട് തുടങ്ങണം. ദേശസാത്കൃത/സഹകരണ ബാങ്കുകളിലോ പോസ്റ്റോഫീസിലോ അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. പത്രിക സമർപ്പിക്കുന്നതിന് ഒരു ദിവസം മുമ്പെങ്കിലും അക്കൗണ്ട് ആരംഭിച്ചിരിക്കണം. ഈ അക്കൗണ്ടിന്റെ വിവരങ്ങളും നാമനിർദേശ പത്രിക സമർപ്പിക്കുമ്പോൾ റിട്ടേണിംഗ് ഓഫീസറെ അറിയിക്കണം.

നാമനിർദേശ പത്രിക സമർപ്പിക്കേണ്ടത് റിട്ടേണിംഗ് ഓഫീസറുടെ മുന്നിലാണ്. റിട്ടേണിംഗ് ഓഫീസറുടെ അഭാവത്തിൽ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർക്ക് മുന്നിലും പത്രിക സമർപ്പിക്കാം. പത്രിക സമർപ്പിക്കാൻ എത്തുമ്പോൾ റിട്ടേണിംഗ് ഓഫീസറുടെ ഓഫീസ് പരിധിയിൽ 100 മീറ്ററിനുള്ളിൽ മൂന്ന് വാഹനങ്ങൾ മാത്രമേ പ്രവേശിപ്പിക്കൂ. സ്ഥാനാർഥി ഉൾപ്പെടെ അഞ്ചു പേർക്ക് മാത്രമേ റിട്ടേണിംഗ് ഓഫീസറുടെ മുറിയിലേക്ക് പ്രവേശനമുണ്ടാകൂ. സ്ഥാനാർഥിയോ നാമനിർദേശം ചെയ്യുന്ന വ്യക്തിയോ ആയിരിക്കണം പത്രിക സമർപ്പിക്കാൻ. ഇതിന് രസീത് നൽകുന്നതിനൊപ്പംതന്നെ ചിഹ്നം അനുവദിക്കുന്നതിനുള്ള തീയതി, സ്ഥലം, സമയം എന്നിവ സംബന്ധിച്ച നോട്ടീസും സ്ഥാനാർഥിക്ക് കൈമാറും.

(ഇലക്ഷൻ: 75/19)

## ജില്ലയിൽ ജലവിതരണം കാര്യക്ഷമമാക്കും – ജില്ല കളക്ടർ

ജി പി എസ് സംവിധാനം ഘടിപ്പിച്ച വാഹനങ്ങളിൽ മാത്രമേ ജില്ലയിൽ ജലവിതരണം നടത്താവൂയെന്ന് ജില്ലാ കളക്ടർ പി ബി നൂഹ് നിർദേശിച്ചു. വരൾച്ചാ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുന്നതിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന അവലോകനയോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വാഹനങ്ങളിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ശുദ്ധത ഉറപ്പാക്കണമെന്നും, ജില്ല ഭരണകൂടത്തിന്റെ അനുമതി ഇല്ലാത്ത വാഹനങ്ങളിൽ നടത്തുന്ന ജലവിതരണം ശിക്ഷാർഹമാണെന്നും അദ്ദേഹം പറഞ്ഞു. പക്ഷിമൃഗാദികൾക്കും കുടിവെള്ളം ലഭ്യമാകുന്നുവെന്ന് ഉടമകൾ ഉറപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലയിലെ 788 വാർഡുകളിൽ 663 വാർഡുകളും കുടിവെള്ള ക്ഷാമം നേരിടുന്നവയാണ്. ഈ വാർഡുകളിലേക്ക് ശുദ്ധജലമെത്തിക്കുന്നതിനായി വാഹനങ്ങളുടെ ക്വട്ടേഷനുകൾ വിളിച്ച് നടപടി പൂർത്തീകരിച്ചുവരുകയാണ്. എത്തുന്ന വാഹനങ്ങൾ എല്ലാം തന്നെ ജിപിഎസ് ഘടിപ്പിച്ചവയായിരിക്കണമെന്നും രാവിലെ 11 മുതൽ വൈകിട്ട് മൂന്ന് വരെയുള്ള സമയങ്ങളിൽ നിർമാണ മേഖലയിലെയും തൊഴിലുറപ്പ് തൊഴിലാളികളും തൊഴിൽ ചെയ്യാനിറങ്ങരുതെന്നും കളക്ടർ പറഞ്ഞു.

വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഗ്രൗണ്ട് വാട്ടർ,ഫയർഫോഴ്സ്, കൃഷി, തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനങ്ങളും യോഗം വിലയിരുത്തി. ജില്ലയിൽ ഇതുവരെ സൂര്യാഘാതം മൂലം രണ്ട് മരണവും 41 കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഡോക്ടർമാർ സൂര്യാഘാതത്തിനെതിരേയുള്ള പ്രവർത്തനങ്ങളിൽ പൂർണ സജ്ജമാണെന്നും ആവശ്യമായ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എ എൽ ഷീജ യോഗത്തിൽ അറിയിച്ചു. ചൂട് വർധിച്ചത് പാലുത്പാദനം ഗണ്യമായി കുറഞ്ഞെന്നും കൃഷിയിൽ നഷ്ടമുണ്ടായെന്നും യോഗം വിലയിരുത്തി. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സൈമ,

വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് സെക്രട്ടറിമാർ, തഹസിൽദാർമാർ, തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 968/19)

## വനിതകൾ ജനാധിപത്യപ്രക്രിയയിൽ പങ്കാളിത്തം ഉറപ്പാക്കണം – ഡോ.ഷാഹിദ കമാൽ

വനിതകൾ ജനാധിപത്യപ്രക്രിയയിൽ മികച്ച പങ്കാളിത്തം ഉറപ്പാക്കണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാൽ പറഞ്ഞു. സംസ്ഥാന വനിതാ കമ്മീഷന്റേയും വടശേരിക്കര ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ അങ്കണവാടി, കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ തുടങ്ങിയവർക്കായി സംഘടിപ്പിച്ച ജാഗ്രതാ സദസിൽ സംസാരിക്കുകയായിരുന്നു അംഗം. ചില സ്ത്രീകൾ വോട്ട് ചെയ്യുന്നതിന് വിമുഖത കാട്ടുതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല. ജനാധിപത്യപ്രക്രിയയിലെ പ്രധാനപ്പെട്ട അടിസ്ഥാന ശിലയായ തെരഞ്ഞെടുപ്പിന് ശക്തിപകരേണ്ടത് ഓരോ സ്ത്രീയുടെയും കടമയും കർത്തവ്യവുമാണ്. സ്ത്രീകൾക്ക് അവരുടെ പൗരാവകാശം പ്രതിഫലിപ്പിക്കുന്നതിന് ലഭ്യമാകുന്ന ഉപാധികൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും അവർ പറഞ്ഞു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മണിയാർ രാധാകൃഷ്ണൻ, റാന്നി അഡീഷണൽ സിഡിപിഒ ജാസ്മിൻ, വിശ്വലക്ഷ്മി, ഉഷാകുമാരി മാടമൺ, ശോഭ മോഹൻ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 969/19)

## ഫോസ്റ്റർ കെയർ പദ്ധതി അപേക്ഷക്ഷണിച്ചു

ശിശുസംരക്ഷണ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന ഏതൊരു കഠിന ഹൃദയനും കണ്ണു നിറയുന്നൊരു ദിവസമുണ്ട്. സ്ഥാപനത്തിലെ അന്തേവാസിയായ കുട്ടികളെ മധ്യവേനൽ അവധിക്കാലത്ത് ബന്ധുക്കളോടൊപ്പം വിട്ടയയ്ക്കുന്ന ദിവസം. അത് മിക്കവാറും എല്ലാ കുട്ടികളും രക്ഷിതാക്കളുടെ കൈപിടിച്ച് യാത്ര പറഞ്ഞിറങ്ങുമ്പോൾ കുട്ടിയെ കൊണ്ടുപോകാൻ ആരുമെത്താത്തതിന്റെ വേദന ചൂടുജലകണങ്ങളായ് കവിളിലൂടെ ഒഴുകി നിർനിമേഷരായി നോക്കി നിൽക്കുന്ന കുറെ ഹതഭാഗ്യരുണ്ടാവും. ആ കാഴ്ച്ചയിൽ കണ്ണുനിറയുന്നവരായി ആരും ഉണ്ടാവില്ല. ഇതുപോലെ നിരാലംബരാകുന്ന കുട്ടികൾക്ക് വേണ്ടി ഈ വേനലവധിക്ക് കുടുംബത്തിന്റെ സ്നേഹത്തണലൊരുക്കുവാൻ കഴിയുന്നവരെ സ്വാഗതം ചെയ്യുകയാണ് ജില്ലാ ശിശുസംരക്ഷണ യൂണിറ്റും ചൈൽഡ് വെൽഫയർ കമ്മിറ്റിയും വെക്കേഷണൽ ഫോസ്റ്റർകെയർ (പോറ്റിവളർത്തൽ) പദ്ധതിയിലൂടെ. സ്വന്തം കുടുംബത്തിൽ വളരുവാൻ സാഹചര്യം ഇല്ലാത്തതും മാതാപിതാക്കൾ ആരാണെന്ന് അറിയാത്തവരുമായ കുട്ടികൾക്ക് ചെറിയ കാലത്തേക്കെങ്കിലും കുടുംബാന്തരീക്ഷം നൽകുന്നതിന് സാഹചര്യമൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളെ വേനൽ അവധിക്കാലത്ത് വീട്ടിൽ കൊണ്ടുപോയി സംരക്ഷിച്ച് പോറ്റി വളർത്തുവാൻ താൽപര്യമുളളവർക്ക് അപേക്ഷ സമർപ്പിക്കാം. പലകാരണങ്ങൾ കൊണ്ട് സാമൂഹികജീവിതം നഷ്ടപ്പെടുകയും ദീർഘകാലമായി ശിശുസംരക്ഷണ സ്ഥാപനങ്ങളിലും മറ്റും കഴിയുന്ന കുട്ടികൾക്ക് കുടുംബ സാമൂഹിക ജീവിതം ലഭ്യമാക്കാം. കുടുംബാന്തരീക്ഷം നൽകുക വഴി കുട്ടികളിൽ കൂടുതൽ സാമൂഹ്യബോധം ഉറപ്പാക്കാൻ പരിശ്രമിക്കാം. കുട്ടികളില്ലാത്ത ദമ്പതികൾക്കും കുട്ടികളുള്ള മാതാപിതാക്കൾക്കും അപേക്ഷിക്കാം. ഒന്നിലധികം കുട്ടികളെ സംരക്ഷിക്കുവാൻ സന്നദ്ധരായവർക്ക് മുൻഗണനയുണ്ട്. കുടുംബാംഗങ്ങൾക്ക് കൗൺസിലിംഗും കുട്ടികളുമായി കൂടികാഴ്ച്ചയും ഉണ്ടാവും.താൽക്കാലിക സംരക്ഷണ സംവിധാനമാണിത്. കുട്ടികളെ സ്വീകരിക്കുവാൻ സന്നദ്ധയും പ്രാപ്തിയുമുള്ള ദമ്പതികളാവണം അപേക്ഷകർ. അപേക്ഷസ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 30. അപേക്ഷാ ഫോറത്തിനാം അനു

ബന്ധ വിവരങ്ങൾക്കുമായി ജില്ലാചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ,ജില്ലാചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, മൂന്നാം നില മിനിസിവിൽ സ്റ്റേഷൻ, ആറന്മുള, പത്തനംതിട്ട-689533 എന്നവിലാസത്തിലോ 0468-2319998, 8589990362എന്നീ നമ്പറുകളിലൊ ബന്ധപ്പെടണം.

(പിഎൻപി 970/19)

## ഫോട്ടോ അടിക്കുറിപ്പ്

1) വരൾച്ചാ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്യുന്നതിന് കളക്ടറേറ്റിൽ നടന്ന യോഗത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് സംസാരിക്കുന്നു.
2) വോട്ടർ ബോധവത്ക്കരണ പദ്ധതിയായ സ്വീപ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ച സന്ദേശ പ്രചാരണ റാലിയും കൂട്ടയോട്ടവും ജില്ലാ കളക്ടറും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുമായ പി.ബി.നൂഹ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.
3) വോട്ടർ ബോധവത്ക്കരണ പദ്ധതിയായ സ്വീപ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ച കൂട്ടയോട്ടത്തിൽ ജില്ലാ കളക്ടർ പി.ബി.നൂഹ്, ജില്ലാ പോലീസ് മേധാവി ജി.ജയദേവ് എന്നിവർ.
4) വോട്ടർ ബോധവത്ക്കരണ പദ്ധതിയായ സ്വീപ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ച സന്ദേശ പ്രചാരണ റാലിയും കൂട്ടയോട്ടവും.
5) വോട്ടർ ബോധവത്ക്കരണ പദ്ധതിയായ സ്വീപ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ പോലീസ് മേധാവി ജി. ജയദേവ് ജനാധിപത്യ സംരക്ഷണ പ്രതിജ്ഞ ചെല്ലികൊടുക്കുന്നു.
6) വോട്ടർ ബോധവത്ക്കരണ പദ്ധതിയായ സ്വീപ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ച സന്ദേശ പ്രചാരണ റാലിയും കൂട്ടയോട്ടത്തിലും പങ്കെടുത്തവർക്കൊപ്പം ജില്ലാ കളക്ടർ പി. ബി.നൂഹും ജില്ലാ പോലീസ് മേധാവി ജി.ജയദേവും.
7) സംസ്ഥാന വനിതാ കമ്മീഷന്റേയും വടശേരിക്കര ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ജാഗ്രതാ സദസിൽ വനിതാ കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാൽ സംസാരിക്കുന്നു.
8) കേരളാ ടാക്സി ഡ്രൈവേഴ്സ് ഓർഗനൈസേഷനും സ്വീപ്പും സംയുക്തമായി സംഘടിപ്പിച്ച വോട്ടിംഗ് ബോധവത്ക്കരണ പരിപാടി പത്തനംതിട്ടയിൽ ജില്ലാ കളക്ടർ പി.ബി നൂഹ് സ്റ്റിക്കർ പതിച്ച് ഉത്ഘാടനം ചെയ്യുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**